"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25/01/2025 ലെ 10(1) നമ്പർ തീരുമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2246/2025/LSGD തീയതി,തിരുവനന്തപുരം, 19-09-2025

---

പരാമർശം:-

1. സ.ഉ(സാധാ) നം.1789/2022/തസ്വഭവ തീയതി 25/07/2022
2. ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ 25/01/2025 ലെ സാധാരണ യോഗത്തിലെ 10(1) നമ്പർ തീരുമാനം
3. ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 21/03/2025 ലെ എസ്2-2167/24 നമ്പർ കത്ത്.
4. 15/04/2025 ലെ DE3/108/2025/lsgd നമ്പർ സർക്കാർ കത്ത്.
5. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 31/05/2025 ലെ ലൈഫ് 2020/എൽ.എം6/പ്രോജക്ട് നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ ചോക്കാട് ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ 2020 പദ്ധതിയിൽ അപേക്ഷ നൽകുകയും എന്നാൽ ആദ്യ ഘട്ട ഗുണഭോക്തൃ പട്ടികയിൽ ഇടം പിടിക്കാതിരിക്കുകയും ചെയ്ത മുപ്പത് വ്യക്തികളെ പരാമർശം (1) ഉത്തരവിലെ നിബന്ധനകൾ പാലിക്കാതെ 2022 ആഗസ്റ്റ് മാസം ചേർന്ന ഗ്രാമസഭ വഴി ലൈഫ് പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത വിഷയത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ അന്നത്തെ പഞ്ചായത്ത് സെക്രട്ടറിക്കെതിരെ നടപടി ശുപാർശ ചെയ്തിരുന്നു. ആനുകൂല്യം നൽകാതെ മാറ്റി നിറുത്തിയിരുന്ന ആ 30 പേർക്ക് ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ച ചോക്കാട് ഗ്രാമപഞ്ചായത്തിന്റെ പരാമർശം 2 തീരുമാനത്തിന്മേൽ 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് യോഗ നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 29(3) പ്രകാരം തുടർനടപടികൾ

സ്വീകരിക്കുന്നതിന് പരാമർശം 3 പ്രകാരം ചോക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റഫർ ചെയ്യുകയും, ചോക്കാട് ഗ്രാമപഞ്ചായത്ത് ഭരണസമതിയുടെ തീരുമാനം താത്കാലികമായി നിർത്തിവയ്ക്കാൻ പരാമർശം 4 പ്രകാരം സർക്കാർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാതെ ഗ്രാമസഭ മിനിട്ട്സിൽ രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രം രേഖകൾ പരിശോധിച്ച് അർഹത ഉറപ്പുവരുത്താതെ പരിശോധന, പുനപരിശോധന, അപ്പീലുകൾ എന്നിവയിലൊക്കെ അനർഹമെന്ന് കണ്ടെത്തിയ 30 പേരെ ലൈഫ് 2020 സോഫ്റ്റ് വെയറിൽ അനധികൃതമായി ഉൾ പ്പെടുത്തിയ സെക്രട്ടറിയുടെ നടപടി സാധൂകരിക്കത്തക്കതല്ല എന്നും, നിബന്ധനകൾക്ക് വിധേയമായല്ലാതെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നത് സർക്കാർ ഉത്തരവിന് വിരുദ്ധമാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ പരാമർശം 5 പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചോക്കാട് ഗ്രാമപഞ്ചായത്തിലെ ഭരണസമിതിയുടെ 25/01/2025 ലെ 10(1) നമ്പർ തീരുമാനം കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191 (1) (ബി) പ്രകാരം റദ്ദ് ചെയ്യുന്ന വിഷയത്തിൽ തീരുമാനത്തിനായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 191(2) വകുപ്പ് പ്രകാരമുള്ള റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കുന്നതിനായി ഈ വിഷയം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം ( ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

സെക്രട്ടറി, ചോക്കാട് ഗ്രാമപഞ്ചായത്ത്, മലപ്പുറം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ& ഇ)/ഓഡിറ്റ്), തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sheeba. S. C**
**Date: 24-09-2025 10:33:20**

സെക്ഷൻ ഓഫീസർ